പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4876

27/10/2016-ൽ മറുപടിയ്ക്ക്

## അപമര്യാദയായി പെരുമാറിയ കോളേജ് അധ്യാപകനെതിരെ നടപടി

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ :

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗവ.ഗോവിന്ദപൈ കോളേജിൽ ലഹരി മരുന്ന് ഉപയോഗിച്ച അധ്യാപകൻ വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് വിദ്യാർത്ഥിനികൾ ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ പരാതി ആരാണ് അന്വേഷിക്കുന്നത്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ഡോ.എ.എൻ.പത്മകുമാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല; പരാതിയുടെ അടിസ്ഥാനത്തിൽ കന്നട വിഭാഗം അധ്യാപകൻ ശ്രീ.കെ.ദിനേശ് കുമാറിനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്; |
| (ബി) | പ്രസ്തുത അധ്യാപകനെ അന്നുതന്നെ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയിരുന്നുവോ; അധ്യാപകനെതിരെ പോലീസ് കോളേജ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പ്രസ്തുത അധ്യാപകനെ അന്നുതന്നെ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ ഹാജരാക്കുകയും പോലീസ് അധ്യാപകനെതിരെ റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു; 27.07.2016 തീയതി വൈകുന്നേരം 4 മണിയോടുകൂടി മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളജിലെ കന്നട വിഭാഗം അധ്യാപകൻ ശ്രീ.ദിനേശ്കുമാർ എന്നയാൾ കോളേജിൽ മദ്യപിച്ച് ഡ്യൂട്ടിക്ക് ഹാജരായതായും ആയതിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികൾ ശ്രീ.ദിനേശ്കുമാറിനെ ഘെരാവോ ചെയ്യുന്നതായും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ ശ്രീ.രവീന്ദ്രൻ കോളേജിലെത്തി കൂട്ടി കൊണ്ടുപോകുകയും, ആൽക്കോമീറ്റർ പരിശോധനയിൽ 34.3 mg/100 ml എന്ന് കാണപ്പെടുകയുണ്ടായെന്നും മെഡിക്കൽ പരിശോധന നടത്തുകയോ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. |
| (സി) | പ്രസ്തുത അധ്യാപകനെതിരെ മുൻപും പരാതി ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | | ഉണ്ട്; നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് 188 - ാം വകുപ്പ് പ്രകാരം ശ്രീ.ദിനേശ്കുമാറിനെതിരെ ഫയൽ ചെയ്ത C C No. 370/2008, മേലുള്ള കോടതി വിധി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ 14 ദിവസം ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.ദിനേശ്കുമാറിനെ വകുപ്പ് തല അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി |

| | | | |
|---|---|---|---|
| | | | സസ്പെൻഡ് ചെയ്യുകയും സസ്പെൻഷൻ കാലയളവ് 2 വർഷം കഴിഞ്ഞപ്പോൾ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയുമുണ്ടായി. ശ്രീ.ദിനേശ്കുമാർ 14 ദിവസം ജയിൽ ശിക്ഷ അനുഭവിച്ചതിനാൽ അദ്ദേഹത്തിനെതിരെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടത്തിലെ ഭാഗം 18 പ്രകാരം സർക്കാർ തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | പ്രസ്തുത അധ്യാപകനെതിരെ ഇതുവരെയായി നടപടി ഉണ്ടാകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ? | | വിദ്യാർത്ഥിനികളുടെ പരാതിയുടേയും പോലീസ് റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ശ്രീ.ദിനേശ്കുമാർ.കെ - യെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വകുപ്പുതല നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ